നം. സി.ഇ.ഇ/4050/2016/KEAM2017/റ്റി.എ1

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

**<u>പത്രക്കുറിപ്പ്</u>**

# ബി.എ.എം.എസ് കോഴ്സിൽ നിന്ന് വിടുതൽ നേടിയെങ്കിലും എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം ലഭിക്കാത്തവർക്ക് പുന:പ്രവേശനം നേടാം

2017-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് ലഭിച്ച്, നേരത്തെ പ്രവേശനം നേടിയിരുന്ന ബി.എ.എം.എസ്(ആയൂർവേദ) കോഴ്സിൽ നിന്ന് വിടുതൽ നേടിയെങ്കിലും ബഹു.സുപ്രീം കോടതി ഉത്തരവ് പ്രകാരം പുതുക്കിയ ഉയർന്ന ട്യൂഷൻ ഫീസ് നൽകി പഠിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടാൻ കഴിയാതെ വന്ന വിദ്യാർത്ഥി കൾക്ക് വിടുതൽ വാങ്ങിയ അതത് കേളേജുകളിൽ തന്നെ അവർ ടി.സി വാങ്ങിയ പ്പോൾ ഉണ്ടായ ഒഴിവുകളിൽ പുന:പ്രവേശനം നൽകുവാൻ സ.ഉ(സാധാ. നം.421/2017/ആയുഷ് തീയതി 31.08.2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തര വിന്റെ പകർപ്പ് www.cee-keerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇപ്രകാരം ആയൂർവേദ കോഴ്സിൽ പുന:പ്രവേശനം ആവശ്യമുള്ളവർ 13.09.2017 വൈകുന്നേരം 5 മണിക്ക് മുമ്പായി അതത് കോളേജുകളിൽ പുന:പ്രവേശനം നേടിയിരിക്കേണ്ട താണ്.

Santhoshkumar

തിരുവനന്തപുരം
12.09.2017

**പ്രവേശനപരീക്ഷാകമ്മീഷണർക്ക് വേണ്ടി**